നം. 20/2017/SRG/CC

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017 –ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 11.30 മണിക്ക് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

1. **പദ്ധതി പുരോഗതി അവലോകനം**

**1.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 13.09.2017 വരെയുള്ള പദ്ധതി ചെലവ് 17.27 ശതമാനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നഗരസഭകൾ | – | 19.91 ശതമാനം |
| ഗ്രാമപഞ്ചായത്ത് | – | 19.32 " |
| ബ്ലോക്ക് പഞ്ചായത്ത് | – | 16.34 " |
| കോർപ്പറേഷൻ | – | 13.80 " |
| ജില്ലാപഞ്ചായത്ത് | – | 10.39 " |
| **ആകെ** | – | **17.27 ശതമാനം** |

ഏറ്റവും ഉയർന്ന പദ്ധതി ചെലവ് കൊല്ലം ജില്ലയിലും (19.91 ശതമാനം) കുറവ് കോട്ടയം ജില്ലയിലുമാണ് (14.59 ശതമാനം). സാങ്കേതികാനുമതി ആവശ്യമുള്ള 86,782 പ്രോജക്ടുകളിൽ 65,186 പ്രോജക്ടുകൾ സാങ്കേതികാനുമതിക്കയച്ചു. ഇതിൽ 57,232 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

ട്രഷറിയിൽ സമർപ്പിക്കപ്പെട്ട 2297 പ്രോജക്ടുകളിലായി 102.36 കോടി രൂപയുടെ പേയ്മെന്റ് നടന്നിട്ടില്ല.

ട്രഷറിയിൽ നൽകുന്ന ബില്ലുകൾ പാസാക്കിയെടുക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം ഇടപെടൽ നടത്തണം. വലിയ തുകയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പാർട്ട് ബിൽ തയ്യാറാക്കി ബിൽ തുക മാറി എടുക്കണം.

**1.2** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർമ്മാണ പ്രോജക്ടുകൾക്ക് ഈ വർഷവും കഴിഞ്ഞ വർഷവും (പദ്ധതി അംഗീകാരത്തിന്റെ നിശ്ചിത സമയത്തിനുശേഷം) നൽകിയ സാങ്കേതികാനുമതിയുടെ കണക്ക് നൽകണം

നടപടി :1) തദ്ദേശസ്വയംഭരണ വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

## 2 **23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി ആവശ്യമുള്ള വിഷയങ്ങൾ.**

**2.1** ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം സെക്രട്ടറിമാർ ട്രഷറിയിൽ നൽകി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടയ്ക്കണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണമെന്ന് തീരുമാനിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ വിവങ്ങൾ താഴെപറയും പ്രകാരമാണ്.

**സ്വീകരിച്ച നടപടിയും തീരുമാനവും:-** 152 ബ്ലോക്കുകളിലായി ആകെ 333 ഡെപ്പോസിറ്റ് പ്രവൃത്തികളുണ്ട്. ഇതിൽ 65 പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചു. 268 എണ്ണത്തിന്റെ ബിൽ ഇനിയും നൽകാനുണ്ട്. ഗ്രാമപഞ്ചായത്തു കളുടേയും നഗരസഭകളുടേയും വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണ മെന്ന് നിർദ്ദേശിച്ചു.

നടപടി :1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

**2.2** ഇനിയും സാങ്കേതികാനുമതി നൽകാനുള്ള പ്രോജക്ടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശേഖരിക്കണം. സാങ്കേതികാനുമതി വേണ്ട പ്രോജക്ടുകളുടെ ആകെ എണ്ണം 86,782 ആണ്. ഇതിൽ 65,186 പ്രോജക്ടുകൾ സാങ്കേതികാനുമതിക്കു നൽകി. ഇവയിൽ 57,232 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി.

**2.3** 20.06.2017-ലെ 5061/2017/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് 1.00 കോടി രൂപ വീതവും കോർപ്പറേഷന് 2.00 കോടി രൂപ വീതവും നഗരസഭകളുടെ അടിസ്ഥാന വികസത്തിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തുക സുലേഖ സോഫ്റ്റ് വെയറിൽ വികസന ഫണ്ടായി ചേർത്തിട്ടുണ്ട്. ഇപ്പോൾ ഇത് വാലിഡേഷനിൽ അടിസ്ഥാന വികസനത്തിനുവേണ്ടി നൽകിയ തുകയായതിനാൽ ഇത് വാലിഡേഷനിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശിച്ചിരുന്നു.

**സ്വീകരിച്ച നടപടി:-** ഈ തുക വാലിഡേഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**2.4** 2017-18 ലെ വാർഷിക പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് അടിയന്തിരമായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാ സൂത്രണ വിഭാഗം ചീഫ് കൺവീനറും ആയിട്ടുള്ള അപ്പലേറ്റ് കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും. അപ്പീൽസംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട വകുപ്പ ഡയറക്ടറെ വിഷയ പരിഗണന സമയത്ത് ക്ഷണിക്കേണ്ടതാണ്.

**<u>സ്വീകരിച്ച നടപടി</u>:-** സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നുതന്നെ (13.09.2017) പുറപ്പെടുവിക്കുന്നതാണ്.

(നടപടി : - 1) തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ് )

**2.5 <u>തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 03.08.2017-ലെ DB2/753/CE/തസ്വഭവ കത്ത്</u>**

തദ്ദേശഭരണ വകുപ്പിൽ ഉദ്ദേശം 18 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും 51 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകളിൽ ചിലത് കീഴുദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയാണ് പ്രവർത്തിക്കുന്നത്. അധിക ചുമതലയുള്ളപ്പോൾ പല നിർവഹണ ഉദ്യോഗസ്ഥർക്കും തങ്ങൾ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് വെറ്റിംഗം സാങ്കേതിക അനുമതിയും നൽകേണ്ടി വരുന്നു. ഇതിനു ബദൽ സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച്

**<u>സ്വീകരിച്ച നടപടി</u>:-** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.09.2017-ലെ DB3/5068/17/CE/LSGD സർക്കുലർ പ്രകാരവും 30.08.2017-ലെ E-2700/13/CE/LSGD (vol.2) ഉത്തരവു പ്രകാരവും നടപടി സ്വീകരിച്ചിട്ടുണ്ട്.

**2.6 <u>കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2017-ലെ A2-02/17ാം നമ്പർ കത്തും 16.03.2017-ലെ 18-ാം നമ്പർ ഭരണ സമിതി തീരുമാനവും (LSGD - DA3/153/2017-LSGD)</u>**

തെരുവു വിളക്കു സ്ഥാപിക്കുന്നതിനായി 7,49,727/- രൂപ ആകെ അടങ്കലായി രണ്ടു പ്രോജക്ടുകൾ ( 12/17, 13/17) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ ഒഴിവാക്കി റൂട്രോണിക്സ് എന്ന പൊതു മേഖലാ സ്ഥാപനത്തിൽ നിന്ന് എൽ.ഇ.ഡി. ലൈറ്റ് വാങ്ങിയാണ് പ്രോജക്ട് നടപ്പാക്കിയത്. 25.07.2016-ലെ 2238/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക് സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ നിർദ്ദേശിച്ചിരുന്നു. 19.09.2016-ലെ ഭരണസമിതി തീരുമാനപ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയത്. സാധൂകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും:-** ഇതിന് പ്രത്യേക അനുമതി നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാന ത്തിൽ അനുമതി നൽകുന്നു.

**2.7 ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 31.07.2017-ലെ കത്തും പൊന്മള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2017-ലെ കത്തും**

2015 -16 ൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി, വായനശാലകൾക്കും സ്കൂളുകൾക്കും ദിനപത്രം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1.00 ലക്ഷം രൂപ). എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവുമൂലം തുക നൽകിയില്ല. ഇപ്പോൾ തുക നൽകാൻ ഉദ്ദേശിക്കുന്നു. സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ LSS-USS പരിശീലനം, IAS പരിശീലനം, അദ്ധ്യാപക സംഗമം, എയ്ഡഡ് സ്കൂളുകളിൽ ദിനപത്രം എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് തുക നൽകാവുന്നതല്ല എന്ന് ഇപ്പോഴത്തെ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു. തുക നൽകാൻ അനുമതി സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും:-** പഞ്ചായത്ത് ഡയറക്ടർ യോഗ ത്തിൽ അറിയിച്ചതനുസരിച്ച് തനത് ഫണ്ട് ഉപയോഗിച്ച് തുക നൽകാൻ അനുമതി നൽകുന്നു.

(നടപടി : - തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

**2.8 കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2017-ലെ B1-2430/17-ാം നമ്പർ കത്ത്**

2015-16-ലെ പ്രോജക്ടുകൾ മാറ്റമില്ലാത്ത സ്പിൽഓവർ പ്രോജക്ട് എന്ന നിലയിൽ 2017-18 വർഷം തുടരുന്നുണ്ട്. റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള അധിക വിഹിതമായി ജില്ലാ പഞ്ചായത്തിന് തുക ലഭിച്ചിരുന്നു. 19.09.2015-ലെ GO(p)419/2015-നമ്പറായി 58,95,631/- രൂപ അധികമായി ജില്ലാ പഞ്ചായത്തിന് അനുവദിച്ചു. 31.03.2017-ൽ സമർപ്പിച്ച ക്യൂ ലിസ്റ്റിലുള്ള ബില്ലുകളിൽ 26,59,577/- രൂപയുടെ റോഡു പുനരുദ്ധാരണ പദ്ധതിയുടെ അധിക വിഹിതം വകയിരുത്തിയ ബില്ലും ഉണ്ടായിരുന്നു. 31.03.2017-നു ചില ബില്ലുകൾ മാറിയില്ല. ഈ വർഷം ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ തുകയില്ല. അതിനാൽ സാംഖ്യ വഴി ബിൽ അയയ്ക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ 2017-18 വർഷം മാറ്റമില്ലാതെ സ്പിൽ ഓവറായി ഉൾപ്പെട്ട കാടാച്ചിറ - PHC - പള്ളിമുക്ക് റോഡ് (പ്രോ.നം.99/2018) എന്ന പ്രോജക്ടിന്റെ (ബിൽ തുക 26,59,557 രൂപ) മാറുന്നതിന് ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**സ്വീകരിച്ച നടപടി:-** 2017-18 ബഡ്ജറ്റ് തുക ഉപയോഗിച്ച് ബിൽ തുക നൽകുന്ന തിന് പ്രോജക്ട് ഭേദഗതി ചെയ്യാൻ ഐ.കെ.എം.

സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തിയെന്ന് ഐ.കെ.
എം. അറിയിച്ചു. .

(നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെ.എം)

**2.9 <u>ബഹു. അരുവിക്കര എം.എൽ.എ.യുടെ 17.07.2017-ലെ കത്തും വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2017-ലെ കത്ത് (LSGD-DB3/149/2017/LSGD)</u>**

വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചുവെങ്കിലും ന്യൂനതകൾ ഉള്ളതിനാൽ ഡി.പി.സി അംഗീകരിച്ചില്ല. ഇത് അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**<u>സ്വീകരിച്ച നടപടിയും തീരുമാനവും:-</u>** ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു യോഗം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂട്ടുന്നതാണ്. യോഗത്തിൽ തിരുവനന്തപുരം ജില്ലാ ആസൂത്രണസമിതി ചെയർമാൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വെള്ളനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡിന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരെ യോഗത്തിൽ പങ്കെടുപ്പിക്കണം. ഇതിന്റെ അറിയിപ്പ് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും നൽകും.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.10 <u>ബഹു. ചവറ എം.എൽ.എ.യുടെ 09.08.2017-ലെ T37/08/2017 (P) നമ്പർ കത്തും തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 15.07.2017-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

പഞ്ചായത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണത്തിന് 33 ഗുണഭോക്താക്കൾക്ക് 2011-12 സാമ്പത്തിക വർഷം 75,000/-രൂപ വീതം നൽകി. ഇവർ 01.04.2011-നു ശേഷമാണ് എഗ്രിമെന്റ് വച്ചത്. 19.01.2012-ലെ 15/2012/തസ്വഭവ ഉത്തരവു പ്രകാരം 01.04.2011-നു ശേഷം എഗ്രിമെന്റ് വച്ച പട്ടികജാതി വിഭാഗക്കാർക്ക് 2,00,000/- രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2,50,000/- രൂപയും ആയി യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ചു. ഈ നിരക്കിൽ ബാക്കി തുക പട്ടികജാതി വിഭാഗക്കാർക്ക് 2017-18-ൽ 50,000/- രൂപ വീതവും 2018-19-ൽ 75,000/- രൂപ വീതവും നൽകാൻ അനുമതി സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും**:- ഇതു പരിശോധിച്ച് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**2.11 ഏലംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2017-ലെ B2-1050/15-ാം നമ്പർ കത്തും 11.07.2017-ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് 7.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം വന്നതിനാൽ ലാപ് ടോപ് നൽകാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ 10 കുട്ടികൾ അവസാന വർഷ ബിരുദത്തിന് പഠിക്കുന്ന വരായിരുന്നു. സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ടിൽ മുകളിൽ പറഞ്ഞ 10 കുട്ടികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്.

**സ്വീകരിച്ച നടപടിയും തീരുമാനവും**:- പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 10 കുട്ടികൾക്ക് കൂടി ലാപ് ടോപ് നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**2.12 ബഹു. ചെങ്ങന്നൂർ എം.എൽ.എ.യുടെ 07.08.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2017-ലെ D/170/17-ാം നമ്പർ കത്തും.**

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പദ്ധതി (IWMP) യുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട നീർത്തട JLG കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) റിവോൾവിംഗ് ഫണ്ട് നൽകാൻ 29,75,000/- രൂപയുടെ പ്രോജക്ട് 2016-17-ൽ വകയിരുത്തിയിരുന്നു. (119 ഗ്രൂപ്പുകൾക്ക് 25,000/- രൂപ വീതം). തൊഴിൽ സംരംഭത്തിന് ബാങ്ക് വായ്പാധിഷ്ഠിതമായിരിക്കണമെന്ന വ്യവസ്ഥ യില്ലാത്തതിനാൽ റിവോൾവിംഗ് ഫണ്ട് നൽകാനുള്ള ആവശ്യം 15.03.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 3.19) നിരസിച്ചിരുന്നു. വായ്പാ ബന്ധിതമായി പ്രോജക്ട് മാറ്റം വരുത്തി എന്നറിയിച്ചുകൊണ്ട് റിവോൾവിംഗ് ഫണ്ടു നൽകാൻ അനുമതി സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും**:- ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

(നടപടി : - 1)തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ് )
2)ഗ്രാമവികസന കമ്മീഷണർ)

**2.13 ബഹു. ഉദുമ എം.എൽ.എ.യുടെ 08.08.2017-ലെ 2075/DB/MLA/2017-ാം നമ്പർ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2017-ലെ A2-345/17(2)-ാം നമ്പർ കത്തും**

കാസർഗോഡ് ജില്ലയിൽ ഇലക്ട്രിക്കൽ ജോലികൾക്ക് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കൊപ്പം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെയും അനുവദിക്കാനും ജില്ലയ്ക്ക് വേണ്ടി ലോക്കൽ റേറ്റ് നിശ്ചയിക്കുന്നതും സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും:-** കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(നടപടി : - തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ് )

**2.14 മൊകേരി ഗ്രാമപഞ്ചായത്തിലെ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിലെ വാളണ്ടിയർമാർ 24.07.2017-ൽ സമർപ്പിച്ച കത്ത്**

കഴിഞ്ഞ നാല് വർഷമായി 4 വനിതാ വാളണ്ടിയർമാർ ദിവസവേതനാടിസ്ഥാനത്തിൽ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിൽ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു. 2017 ജൂലൈ മാസം മുതൽ പഞ്ചായത്തിൽ നിന്നും വേതനം നൽകുന്നതിനു പകരം യൂസർ ഫീ പിരിച്ചെടുക്കുന്ന തുക പ്രതിഫലമായി കണക്കാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു എന്നറിയിച്ചിരിക്കുന്നു. പഞ്ചായത്തിൽ നിന്നു തന്നെ വേതനം നൽകാൻ നിർദ്ദേശിക്കണമെന്ന വോളണ്ടിയർമാരുടെ ആവശ്യം സംബന്ധിച്ച്

**സ്വീകരിച്ച നടപടിയും തീരുമാനവും** - ലഭിച്ച യൂസർ ഫീ എത്ര, ചെലവ് എത്ര, തുടങ്ങിയ വിവിരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

(നടപടി:- പഞ്ചായത്ത് ഡയറക്ടർ)

**2.15 കൊല്ലം സാമൂഹ്യനീതി ഓഫീസറുടെ 19.08.2017-ലെ C-2379/17-ാം നമ്പർ കത്ത്**

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 70 പകൽ വീടുകൾ ഉണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളും പകൽ വീടുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ വരുന്ന വയോജനങ്ങൾക്ക് APL/BPL വ്യത്യാസമില്ലാതെ അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് പോഷകാഹാരം നൽകുന്നതിന് അനുമതി സംബന്ധിച്ച് .

**സ്വീകരിച്ച നടപടിയും തീരുമാനവും:-** 1) സാമൂഹ്യനീതി ഡയറക്ടർ ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണം. വകുപ്പിനും തദ്ദേശഭരണ

സ്ഥാപനങ്ങൾക്കുമായി എത്ര പകൽ വീട്, ഹാജർ, നൽകേണ്ട സേവനങ്ങൾ തുടങ്ങിയവ പരിശോധിച്ച് സാമൂഹ്യനീതി ഡയറക്ടർ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വകുപ്പിന്റേയും വിവരങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തണം. പഞ്ചായത്ത് ഡയറക്ടർ ഇതിന് നടപടി സ്വീകരിക്കണം. ഇതു ലഭിച്ചതിനുശേഷം പിന്നീട് പരിഗണിക്കും.

2) പകൽ വീടുകൾ വയോജനങ്ങൾക്ക് കൂടുതൽ സൗഹൃദമാകുന്ന രീതിയിൽ വേണം വിഭാവനം ചെയ്യേണ്ടത്. ഇവരെ വീട്ടിൽ നിന്നു കൊണ്ടുവരാനുള്ള സൗകര്യമൊരുക്കൽ, പോഷകാഹാരം, പത്രം, ടി.വി, തുടങ്ങിയ മികച്ച സൗകര്യങ്ങൾ കൂടി ഉള്ളതാകണം. പകൽ വീടുകൾക്ക് വെറുതെ കെട്ടിടം പണിയുന്നതിനു മാത്രമുള്ള പ്രോജക്ടുകളാകരുത്.

(നടപടി:- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ )

**2.16 <u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.08.2017-ലെ DB3/743/17/ CE/തസ്വഭവ നമ്പർ കത്ത്</u>**

റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന **SS1 Emulsion** ന്റെ റേറ്റ് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടാറിംഗ് പ്രവൃത്തികൾക്ക് **SS1 Emulsion** ആണ് ഉപയോഗിക്കുന്നത്. അതിനാൽ **SS1**-ന്റെ മാർക്കറ്റ് വില (15.08.2017-ലെ വില)യുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**<u>സ്വീകരിച്ച നടപടിയും തീരുമാനവും</u>:-** പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുമായി പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച ചെയ്ത് പിന്നീട് തീരുമാനമെടുക്കും. ഇതിനുള്ള ഫയൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം.

(നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

3 **<u>പൊതു വിഷയങ്ങൾ</u>**

**3.1** മാർഗ്ഗരേഖ പ്രകാരം വാർഷിക പദ്ധതി ഡി.പി.സി അംഗീകരിച്ചതിനുശേഷമാണ് വെറ്റിംഗും സാങ്കേതികാനുമതിയും നൽകേണ്ടത്. എന്നാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ ഭേദഗതി വരുത്തുകയോ പുതിയ പ്രോജക്ടുകൾ

ഉൾപ്പെടുത്തുകയോ ചെയ്താൽ അവ വെറ്റിംഗ് നടപടി ക്രമം പൂർത്തിയാക്കിയതിനുശേഷമാണ് ആസൂത്രണസമിതിക്ക് അംഗീകാരത്തിനു സമർപ്പിക്കേണ്ടതെന്ന് തീരുമാനിച്ചിരുന്നു. നിർമ്മാണ പ്രോജക്ടുകൾക്കാണെങ്കിൽ വെറ്റിംഗ് നടപടിക്രമത്തോടൊപ്പം സാങ്കേതികാനുമതി കൂടി നൽകിയതിനുശേഷമാണ് ജില്ലാ ആസൂത്രണ സമിതിയ്ക്കു സമർപ്പിക്കേണ്ടത്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**3.2** ടെണ്ടർ ഒഴിവാക്കി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി , പി.ടി.എ, അങ്കണവാടി ക്ഷേമ സമിതികൾ പാടശേഖര സമിതികൾ തുടങ്ങിയ ഏജൻസികൾ മുഖേന അനുയോജ്യമായ പ്രോജക്ടുകൾ നടപ്പാക്കാമെന്നും ഇതിന് തുകയുടെ പരിധി ഇല്ലായെന്നും പദ്ധതി ആസൂത്രണ മാർഗരേഖയിൽ പറഞ്ഞിരുന്നു. എന്നാൽ 15.00 ലക്ഷത്തിലധികം വരുന്ന തുകയുള്ള നിർമ്മാണ പ്രവർത്തികൾക്ക് കൂടുതൽ സാങ്കേതിക സൗകര്യം ആവശ്യമായതിനാൽ ഈ വർഷത്തേയ്ക്ക് 15.00 ലക്ഷത്തിലധികം അടങ്കൽ വരുന്ന പ്രോജക്ടുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി , പി.ടി.എ, അങ്കണവാടി ക്ഷേമ സമിതികൾ, പാടശേഖര സമിതികൾ തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പാക്കേണ്ടതില്ല.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**3.3** യോഗ പരിശീലനത്തിന് പ്രതിദിനം 400/- രൂപ ക്രമത്തിൽ പ്രതിമാസം പരമാവധി 12,000/- രൂപ നൽകാവുന്നതാണ്. അംഗീകൃത സർവകലാശാലയിൽ നിന്ന് **BNYS** ബിരുദമോ തത്തുല്യമായ മറ്റു ബിരുദമുള്ളവരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത ഉള്ളവരെയോ പരിശീലകരായി തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**3.4** തിരുവനന്തപുരം കോർപ്പറേഷന്റെ പദ്ധതി ചെലവ് കുറവായതിന്റെ കാരണം പ്രത്യേകം പരിശോധിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. തിരുവനന്തപുരം കോർപ്പറേഷൻ പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്
2) നഗരകാര്യ ഡയറക്ടർ)

**3.5** കോട്ടയം ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലേയും പദ്ധതി ചെലവ് വളരെ കുറവാണ്. കോട്ടയം ജില്ലയിലും പ്രത്യേകമായ ഇടപെടൽ നടത്താൻ

പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ് എം.)വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ)

**3.6** ഓരോ പ്രത്യേക സീസണിൽ നടത്തേണ്ട പ്രോജക്ടുകൾ ആ സമയത്തു തന്നെ നിർവഹണം നടത്തുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.7** ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന പ്രശ്നം ഓരോ കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് അവലോകനം ചെയ്ത് പ്രശ്നങ്ങൾ പ്രത്യേക കുറിപ്പായി നൽകി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ നടപടിയെടുക്കണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇതിന്റെ കുറിപ്പ് കോഓർഡിനേഷൻ കമ്മിറ്റിയുടെ നാലു ദിവസം മുമ്പെങ്കിലും എസ്.ആർ.ജി.ക്കു നൽകി അജണ്ടയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.8** ട്രഷറികളിൽ നിർവഹണ ഉദ്യോഗസ്ഥർ മാപ്പിംഗ് നടത്തണം.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.9** തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരോ 15 ദിവസവും നേടേണ്ട പദ്ധതി ചെലവിന്റെ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തനം നടത്തണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.10** തദ്ദേശഭരണ സ്ഥാപനങ്ങൾ സ്കൂൾ/കോളേജ് കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, ലാപ് ടോപ് ഇവ സെപ്റ്റംബർ, ഒക്ടോബർ മാസത്തിനു മുൻപ് നൽകണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.11 KSEB, KWA**യിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്നതിൽ കാലതാമസം വരുന്നുണ്ട് എന്ന് യോഗം വിലയിരുത്തി. **KSEB, KWA** മേധാവികളുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഫയൽ പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകണം.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം.)വകുപ്പ്)

3.12 നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി/ പ്രോജക്ടുകൾക്ക് ഭേദഗതി അനുവദിച്ചിരിക്കുന്നത് 15.09.2017 വരെയാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017-ലെ യോഗ തീരുമാന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി 2017-18 വാർഷിക പദ്ധതി പ്രോജക്ടുകൾ ഭേദഗതി ചെയ്യാനുള്ള സമയ പരിധി 28.09.2017 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു.

(നടപടി:- **1)**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**2)**എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.13 തദ്ദേശഭരണ സ്ഥാപനതല യൂത്ത് ക്ലബ് ഏകോപന സമിതികൾ രൂപീകരിക്കണമെന്ന് മാർഗരേഖയിൽ പറയുന്നുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇങ്ങനെ രൂപീകരിക്കുന്ന യൂത്ത് ക്ലബുകളുടെ ഏകോപനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെക്കൂടി ജില്ലാ പഞ്ചായത്ത്തല ഏകോപന സമിതിയിൽ അംഗമാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

4 **<u>പ്രത്യേക വിഷയങ്ങൾ</u>**

**4.1 കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.08.2017-ലെ A3/6639/2017-ാം നമ്പർ കത്തും 21.08.2017-ലെ 4-ാം നമ്പർ ഭരണസമിതി തീരുമാനവും**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഡി.പി.സി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ (തനത് ഫണ്ട്) |
|---|---|---|---|
| 1 | 136/18 | കൊടകര ഗവ.എൽ.പി. സ്കൂൾ ബസ്സിന് ഇന്ധനം<br><br>**തീരുമാനം:-** ഇന്ധന ചെലവിന്റെ പകുതി മാത്രം നൽകാൻ പ്രത്യേക അനുമതി നൽകുന്നു. 50 ശതമാനം മാത്രമാണ് നൽകുന്നതെന്ന് സെക്രട്ടറി ഉറപ്പാക്കണം. | 1,20,000/- |
| 2 | 284/18 | 3 എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ<br>**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. | 2,70,000/- |
| 3 | 148/18 | പഞ്ചായത്തിലെ അഫിലിയേഷൻ ചെയ്ത ഗ്രന്ഥശാലകളിൽ പത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കൽ | 25,000/- |

**തീരുമാനം:–** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**4.2 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2017–ലെ C–33/2017–ാം നമ്പർ കത്ത്**

താഴെപ്പറയുന്ന 5 പ്രോജക്ടുകൾ വികസനഫണ്ട് ഉപയോഗിച്ച് 2016–17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ട് 2017 മാർച്ചിൽ വികസനഫണ്ടിനു പകരം തനത് ഫണ്ട് ആക്കിക്കൊണ്ട് ഭേദഗതി ചെയ്തു. സ്പിൽഓവറായ ഈ പ്രോജക്ടുകൾ ഇപ്പോൾ പൂർത്തിയായി. 13,56,254/– രൂപ മാത്രമേ തനത് ഫണ്ടുള്ളൂ. അതിനാൽ ഈ പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്ത് വികസന ഫണ്ടാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 92/17 | മുന്നൂർക്കോട് അങ്കണവാടി പുതിയകെട്ടിടം (പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് ) | 1,78,642/– |
| 2 | 90/17 | കിഴക്കേപ്പാട്ട് കുന്ന് റോഡ് റീ ടാറിംഗ് (ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ) | 5,70,440/– |
| 3 | 98/17 | ബ്ലോക്ക് പഞ്ചായത്ത് അനുബന്ധ കെട്ടിടം ആദ്യ ഘട്ടം | 9,29,414/– |
| 4 | 96/17 | ISO സർട്ടിഫിക്കറ്റ് അനുബന്ധ കെട്ടിടം നിർമ്മാണം | 6,37,842/– |
| 5 | 89/17 | തോടിപ്പുറം പുത്തൻപുര റോഡ് (കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് ) | 5,43,724/– |
| | | **ആകെ** | **28,60,062/–** |

**തീരുമാനം** –

(1) ഇപ്രകാരം പ്രോജക്ടുകളുടെ ഫണ്ട് മൂന്നു പ്രാവശ്യം മാറ്റിക്കൊണ്ട് ഭേദഗതി ചെയ്യുന്നത് ശരിയായ രീതിയല്ല. തനത് ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രോജക്ട് ഭേദഗതി ചെയ്തതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ചോദിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

(2) ക്രമനമ്പർ 3,4 (പ്രോജക്ട് നം 98/17, 96/17) എന്നിവയ്ക്ക് തനത് ഫണ്ട് തന്നെ ഉപയോഗിക്കണം. മറ്റുള്ളവ വികസനഫണ്ട് ഉപയോഗിച്ച് ഭേദഗതി ചെയ്യാൻ അനുമതി നൽകുന്നു.

(നടപടി:–1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്
2) ഗ്രാമവികസന കമ്മീഷണർ
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**4.3 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2017-ലെ C.A1024-ാം നമ്പർ കത്തും 10.08.2017-ലെ 1(4)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ ഇ-ടെണ്ടർ ഒഴിവാക്കി സർക്കാർ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - പൊതുവായി ഇ-ടെണ്ടർ ഒഴിവാക്കാനുള്ള അനുമതി നിരസിച്ചു. എന്നാൽ നിലവിലെ മാർഗരേഖ പ്രകാരം അനുവദനീയമായ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന ചെയ്യാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.4 കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്**

കിണർ റീ ചാർജിംഗിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2017-18-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (അടങ്കൽ 7,02,000/- രൂപ) ഡിസൈൻ, എസ്റ്റിമേറ്റ് ഇവ പ്രത്യേക ഉത്തരവായി നൽകുമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരുന്നത്. യൂണിറ്റ് ചെലവ് സഹിതം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** - 1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് കിണർ റീ ചാർജ്ജിഗിംന് ഉപയോഗിക്കാവു ന്നതല്ല.

2) മാർഗരേഖയിൽ പറഞ്ഞതനുസരിച്ച് (G.O.80/17/ തീയതി 03.04.2017 ഖണ്ഡിക 8.3.3) യൂണിറ്റ് ചെലവ്, ഡിസൈൻ എസ്റ്റിമേറ്റ് എന്നിവയുടെ കരട് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകരിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**4.5 പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 07.08.2017), 31.07.2017 -ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

500 തീരപ്രദേശ കുടുംബങ്ങൾ ഇപ്പോഴും ഓലമേഞ്ഞ വീടുകളിലാണ് താമസിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ കുടുംബത്തിനും 1500/- രൂപ വീതം നൽകുന്നതിന് 4,50,000/-രൂപയുടെ പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചു വെങ്കിലും മാർഗരേഖയിൽ

ഇല്ലാത്തതിനാൽ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച് .

**<u>തീരുമാനം</u>** - 23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതു സംബന്ധിച്ച് അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് അനുമതി നൽകുന്നത് ജില്ലാതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടതാണ്.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2) ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം)

**4.6 <u>ബഹു ആറന്മുള എം.എൽ.എ.യുടെ 22.08.2017-ലെ കത്തും ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2017-ലെ A6-377/17-ാം നമ്പർ കത്തും. 18.08.2017-ലെ 12(6) നമ്പർ ഭരണസമിതി തീരുമാനവും.</u>**

ആറന്മുള ഗ്രാമ പൈതൃകോത്സവത്തിന് 2.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - വിശദമായ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

**4.7 <u>ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2017-ലെ CA-1023-ാം നമ്പർ കത്തും 10.08.2017-ലെ 1(5) -ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, പി.റ്റി.എ. തുടങ്ങിയ ഏജൻസികൾ മുഖേന 15 ലക്ഷത്തിലധികമുള്ള പ്രോജക്ടുകൾ നടപ്പാക്കാനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഇല്ലായെന്നും അതിനുള്ള ക്രമീകരണം ചെയ്യണമെന്നതും സംബന്ധിച്ച്.

**<u>തീരുമാനം</u>**- ടെണ്ടർ ഒഴിവാക്കി പി.റ്റി.എ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തുടങ്ങിയ ഏജൻസി മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളുടെ തുകയ്ക്ക് പരിധിയില്ലെന്ന് മാർഗരേഖ യിൽ പറഞ്ഞിരുന്നു. എന്നാൽ 15.00 ലക്ഷം രൂപയിലധികം വരുന്ന തുകയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് കൂടുതൽ സാങ്കേതിക സൗകര്യം ആവശ്യമായതിനാൽ ഈ വർഷത്തേയ്ക്ക് 15.00 ലക്ഷത്തിലധികം അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ പി.റ്റി.എ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി പാടശേഖര

സമിതികൾ തുടങ്ങിയ ഏജൻസി മുഖേന നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

പൊതു തീരുമാനം ഖണ്ഡിക 3.2 ബാധകമാണ്.

(നടപടി:- തദ്ദേശസ്വയംഭരണ( ഡി.എ) വകുപ്പ് )

**4.8 <u>ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2017-ലെ CA-1027-ാം നമ്പർ കത്തും 10.08.2017-ലെ 1(10) -ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

ആശുപത്രി വികസന സമിതി, പി.റ്റി.എ. അങ്കണവാടി ക്ഷേമ സമിതികൾ തുടങ്ങിയ സമിതികൾക്കൊപ്പം പാടശേഖര സമിതികൾ, രജിസ്റ്റർ ചെയ്ത കർഷക സമിതികൾ എന്നിവയേയും തുകയ്ക്ക് പരിധികൂടാതെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>-** പാടശേഖരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പാടശേഖര സമിതികൾക്ക് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ രജിസ്റ്റർ ചെയ്ത കർഷക സമിതിയെ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചു. (പൊതു തീരുമാനം ഖണ്ഡിക 3.2 ബാധകമാണ് )

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**4.9 <u>കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.07.2017-ലെ S2-144/17-ാം നമ്പർ കത്തും 01.07.2017-ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും ( LSGD-DA1-577/17/LSGD)</u>**

മാർഗരേഖപ്രകാരം ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി ചെയ്യുന്നതിന് ഗ്രോ ബാഗിന് 50 ശതമാനമാണ് സബ്സിഡി നൽകുന്നത്. ഇത് 75 ശതമാനമാക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>-** മാർഗരേഖ പ്രകാരമുള്ള പരിധിയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**4.10 <u>കേരള സ്റ്റേറ്റ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 16.08.2016-ലെ കത്ത് (LSGD-DA3/177/2016-LSGD)</u>**

താഴെപ്പറയുന്ന ആവശ്യങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്

(1) പേയ്മെന്റ് വ്യവസ്ഥ

ജൂൺ മാസം നൽകുന്ന ഒരു ബില്ല് നാല് തവണകളായി (മൂന്നു മാസത്തിലൊരിക്കൽ) അടുത്ത മാർച്ച് മാസം കൊണ്ടാണ് നൽകുന്നത്. ഇത് ഒരുമിച്ച് നൽകണം. കൂടാതെ ടെണ്ടർ തുകയുടെ 10 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകുന്നത് ഒഴിവാക്കി ബിൽ തുക മുഴുവൻ നൽകണം.

(2) തെരുവുവിളക്ക് മെയിന്റനൻസിന് C ക്ലാസ് കോൺട്രാക്ടർമാരെ ഏൽപിക്കുന്നതിനു പകരം B ക്ലാസ് ലൈസൻസുകാർക്ക് മാത്രമായി നിജപ്പെടുത്തണം.

(3) തെരുവുവിളക്ക് മെയിന്റനൻസ് നടത്തുന്നവർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് നിർബന്ധമാക്കണം.

**<u>തീരുമാനം</u>** – വകുപ്പുതലത്തിൽ തീരുമാനമെടുക്കണം.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.11 <u>കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017–ലെ 82/2017/DPO /Kannur നമ്പർ നമ്പർ കത്ത്.</u>**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾ എന്നിവയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതി നൽകാനും കാലതാമസവും തടസ്സവും നേരിടുന്നു. ഇവയക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – 1) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും 22.09.2015–ലെ 2878/2015/തസ്വഭവ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

2) സോളാർ എനർജി പ്രോജക്ടുകൾക്കുവേണ്ടി താഴെ പ്പറയുന്ന രീതിയിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അനെർട്ട് പ്രോജക്ട് മാനേജർ, (ജില്ലാ എഞ്ചിനീയർ) കെ.എസ്.ഇ.ബി.യിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ എഞ്ചിനീയർ എന്നിവർ അംഗങ്ങളായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റിയുടെ കൺവീനറായി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തണം. ഇതിന്റെ ചുമതലകളും

പ്രവർത്തനവും തയ്യാറാക്കി സർക്കാരിനു സമർപ്പിക്കാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

(നടപടി:–1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**4.12 <u>മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.08.2017–ലെ – A1–399/17–ാം നമ്പർ കത്ത്</u>**

ഗ്രാമപഞ്ചായത്തിന്റെ 11 വർഷം പഴക്കമുള്ള വാഹനം പാലിയേറ്റീവ് പ്രവർത്തനത്തിനുവേണ്ടി പി.എച്ച്.സി.യ്ക്കു കൈമാറി ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച്

**<u>തീരുമാനം</u>**– 1) പഴയ വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങുന്നത് വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

2) പാലിയേറ്റീവ് ആവശ്യത്തിനു വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.13 <u>ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.08.2017–ലെ</u>** <u>B1–200/17</u>**<u>–ാം നമ്പർ കത്ത്</u>**

പഞ്ചായത്തിൽ ടാറ്റാ കോഫി ലിമിറ്റഡിന്റെ കൈവശമുള്ള തോട്ടം മേഖലയിൽ 5 വാർഡുകളിൽ ആകെ ജനസംഖ്യയുടെ 30 ശതമാനം ആൾക്കാർ വസിക്കുന്നു. പ്രസ്തുത ഭാഗത്ത് റോഡ് നിർമ്മാണത്തിന് 26.10.2016–ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകുകയും ആകെയുള്ള 6 കിലോ മീറ്ററിൽ 1250 മീറ്റർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഈ വർഷം മയിലാട്ടുംപാറ റോഡ് ടാറിംഗ് എന്ന പ്രോജക്ടിന് (പ്രോജ.നം 80/18) 35,00,000/– രൂപ വകയിരുത്തി ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– "എസ്റ്റേറ്റിനുള്ളിൽ കൂടി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയില്ലായെന്ന്" കമ്പനിയുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.14 <u>കണ്ണൂർ കോർപ്പറേഷൻ മേയറുടെ 10.08.2017–ലെ</u>** <u>C3–27922/16</u>**<u>–ാം നമ്പർ കത്തും 13.06.2017–ലെ 1–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

റോഡ് മെയിന്റനൻസ് ഗ്രാന്റായി 11,50,02,000/– രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ റോഡ് മെയിന്റനൻസിനായി 8,34,79,000/– രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ റോഡു

ടാറിംഗിന് തുക തികയാത്തതിനാൽ 3,15, 23,000/- രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം</u>-** പുതുതായി 5 ഗ്രാമപഞ്ചായത്തു കൂടി കൂട്ടിച്ചേർത്താണ് കോർപ്പറേഷൻ രൂപീകരിച്ചത് എന്നതിനാൽ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഇപ്രകാരം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കണമെന്ന നിബന്ധന പാലിക്കണം.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.15 <u>പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2017-ലെ കത്തും 09.08.2017-ലെ 1(8)-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>**

ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച നിർമ്മൽ പുരസ്കാര ഫണ്ടിൽ നിന്ന് 2.00 ലക്ഷം രൂപ ഉപയോഗിച്ച് കൊടുമൺ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളായ സെന്റ് പീറ്റേഴ്സ് UPS -ൽ ടോയ് ലറ്റ് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>-** ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മറ്റ് സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട ടോയ് ലറ്റ് സൗകര്യം ഏർപ്പെടുത്തിക്കഴിഞ്ഞുവെങ്കിൽ ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

**4.16 <u>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ 22.08.2017-ലെ 318/2017/M(EDN) നമ്പർ കത്ത്</u>**

**MPLAD, MLASDF** പദ്ധതി പ്രകാരം സ്കൂളുകൾക്ക് ബസു വാങ്ങി നൽകിയിട്ടുണ്ട്. ഇവയുടെ ഇന്ധനചെലവ്, റിപ്പയർ എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക സ്വരൂപിക്കുന്നതിന് സ്കൂൾ പി.ടി.എ കൾക്ക് സാധിക്കുന്നില്ല എന്നതിനാൽ ഈ ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>-** 1) വാഹനം റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകാവുന്നതല്ല.

2) ഇന്ധന ചെലവു നൽകുന്നതു സംബന്ധിച്ച് പൊതു തീരുമാനമെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

**4.17 <u>പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 21.08.2017–ലെ കത്ത്</u>**

നഗരസഭയിൽ റോഡ് ടാറിംഗിനായി ആവശ്യമായ ബിറ്റുമിൻ 'ബിറ്റുമിക്സ്' എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും കരാറുകാർ വാങ്ങി ഈ സ്ഥാപനത്തിന്റെ ബിൽ ആണ് സമർപ്പിച്ചിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് അനുസൃതമല്ലാത്തിനാൽ പ്രത്യേക ഇളവു നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>–** 1) ഈ നടപടി സർക്കാർ മാർഗ നിർദ്ദേശത്തിന് അനുസൃത മല്ലാത്തതിനാൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

2) ഇതു പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി

(നടപടി:–1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**4.18 <u>നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2017–ലെ കത്ത്</u>**

യോഗ പരിശീലനത്തിനുള്ള പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. യോഗ ഇൻസ്ട്രക്ടർക്ക് നൽകേണ്ട ഓണറേറിയം നിശ്ചയിച്ചു നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>–** ദിവസം 400/– രൂപ ക്രമത്തിൽ പ്രതിമാസം പരമാവധി 12,000/– രൂപ നൽകാവുന്നതാണ്. BNYS ബിരുദമോ തുല്യമായ മറ്റു ബിരുദമുള്ള വരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത യുള്ളവരേയോ പരിശീലകരായി നിശ്ചയിക്കാവു ന്നതാണ്.

(നടപടി:–1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**4.19 <u>എറണാകുളം ജില്ലാ കളക്ടറുടെ 21.08.2017–ലെ 41133/17/DPC/DPO/EKM നമ്പർ കത്ത് (ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ കൃഷി പ്രോജക്ട് സംബന്ധിച്ച്)</u>**

പ്രാഥമിക വിള ആരോഗ്യകേന്ദ്രം ഭൗതിക സൗകര്യം ഒരുക്കൽ, മരുന്നു വാങ്ങൽ (പ്രോജ.നം. 126/18, അടങ്കൽ 4.00 ലക്ഷം രൂപ) എന്ന പ്രോജക്ട് നൂതന പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്നു. കൃഷിഭവൻ "കൃഷി ആരോഗ്യകേന്ദ്രമായി" പ്രവർത്തിച്ച് ശാസ്ത്രീയമായി കീടരോഗ നിർണ്ണയം കൃഷി ഓഫീസർ നടത്തി ആവശ്യമായ മരുന്ന് (കീടനാശിനി) നൽകുകയും മണ്ണിലെ മൂലകങ്ങളുടെ അളവ്

തിട്ടപ്പെടുത്തി വിള പരിപാലന മുറകൾ നിർദ്ദേശിച്ച് മൂലകങ്ങൾ ക്ലിനിക്കിൽ നിന്നും നൽകുകയും ആണ് പ്രോജക്ടിൽ ഉദ്ദേശിക്കുന്നത്. മരുന്നിന് (കീടനാശിനി) 100 ശതമാനം സബ്സിഡി ഉദ്ദേശിച്ചിരിക്കുന്നതിനാലും കൃഷി ഓഫീസർ നേരിട്ട് മരുന്ന് വാങ്ങുന്നതിനാലും സർക്കാർ അനുമതി വേണമെന്ന് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാ സമിതി ശുപാർശ ചെയ്തിരിക്കുന്നു. ഈ പ്രോജക്ടിന്റെ അനുമതി സംബന്ധിച്ച്

**തീരുമാനം**– ഈ പ്രോജക്ട് സംബന്ധിച്ച് ചൂർണിക്കര കൃഷി ഓഫീസറും എറണാകുളം കൃഷി ഡെപ്യൂട്ടി ഡയറക്ടറും യോഗത്തിൽ വിശദീകരിച്ചു. പ്രത്യേക അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി:–തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.20 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.09.2017–ലെ കത്ത്**

ജില്ലാ പഞ്ചായത്തിന്റെ 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 33 പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഇവയിൽ 12 എണ്ണം ഡി.പി.സി. അംഗീകരിക്കാത്തവയും 21 എണ്ണം ഡി.പി.സി. അംഗീകരിച്ചുവെങ്കിലും ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ അംഗീകരിക്കാത്തവയും ആണ്. ഇവ 23.08.2017–ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അംഗീകാരം നൽകിയിരുന്നില്ല. പരിഗണനയ്ക്ക് വീണ്ടും സമർപ്പിച്ചിരിക്കുന്നു. ഡി.പി.സി. അംഗീകരിക്കാത്ത ഈ പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാന മെടുത്തു. മറ്റ് പ്രോജക്ടുകൾ സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1) | 779/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | 5.00 ലക്ഷം രൂപ |
| 2) | 926/18 | തേനീച്ച വളർത്തൽ പദ്ധതി (എസ്.റ്റി) | 5.00 ലക്ഷം രൂപ |
| 3) | 1062/18 | കിടാരി വളർത്തൽ (എസ്.റ്റി) | 5.00 ലക്ഷം രൂപ |

**തീരുമാനം** – ഇവയ്ക്ക് അനുമതി നിരസിച്ചു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

| | | | |
|---|---|---|---|
| 4) | 1042/18 | കാളകുട്ടി, പോത്തുക്കുട്ടി പരിപാലനം (എസ്.സി.എസ്.പി) | 50.00 ലക്ഷം രൂപ |
| 5) | 1045/18 | കാളകുട്ടി, പോത്തുക്കുട്ടി പരിപാലനം (എസ്.സി.എസ്.പി വനിത) | 30.00 ലക്ഷം രൂപ |
| 6) | 1043/18 | കാളകുട്ടി, പോത്തുക്കുട്ടി പരിപാലനം (എസ്.റ്റി) | 30.00 ലക്ഷം രൂപ |

**തീരുമാനം** – ഗ്രാമഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്തൃലിസ്റ്റ് വാങ്ങി നടപ്പാക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

| | | | |
|---|---|---|---|
| 7) | 1047/18 | കിടാരി വളർത്തൽ (എസ്.സി.എസ്.പി) | 50.00 ലക്ഷം രൂപ |

**തീരുമാനം**– ഗ്രാമഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്തൃലിസ്റ്റ് വാങ്ങി നടപ്പാക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

| | | | |
|---|---|---|---|
| 8) | 1151/18 | നാടൻ പശു ഇനങ്ങൾ കാസർഗോഡ് ഡ്വാർഫ്, വെച്ചൂർ പശു വിതരണം (ജനറൽ) | 50.00 ലക്ഷം രൂപ |
| 9) | 1154/18 | നാടൻ പശു ഇനങ്ങൾ കാസർഗോഡ് ഡ്വാർഫ്, വെച്ചൂർ പശു വിതരണം (എസ്.സി.എസ്.പി) | 25.00 ലക്ഷം രൂപ |

**തീരുമാനം**– മുകളിൽ പറയുന്ന ഇനം പശുക്കളുടെ ലഭ്യത കുറവാണെന്നും ബി.പി.എൽ കുടുംബങ്ങളുടെ ജീവനോപാധിക്ക് പ്രയോജനകരമാവില്ലായെന്നും യോഗം നിരീക്ഷിച്ചു. അതിനാൽ സാധാരണയിനം പശുക്കളെ വാങ്ങി നൽകുന്ന രീതിയിൽ പ്രോജക്ട് ഭേദഗതി ചെയ്ത് നടപ്പാക്കാൻ ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കണം

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

| | | | |
|---|---|---|---|
| 10) | 826/18 | വനിതാ സംരംഭകർക്കുള്ള കൂൺ കൃഷി (ജനറൽ) | 15.00 ലക്ഷം രൂപ |

**തീരുമാനം** – കുടുംബശ്രീ യൂണിറ്റ് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

| | | | |
|---|---|---|---|
| 11) | 1236/18 | പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം | 70.00 ലക്ഷം രൂപ |

**തീരുമാനം** – ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റ് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

| | | | |
|---|---|---|---|
| 12) | 1331/18 | പട്ടികജാതി ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം | 50.00 ലക്ഷം രൂപ |

**<u>തീരുമാനം</u>** – പട്ടികജാതി വിഭാഗക്കാരുടെ ഗ്രൂപ്പുകൾ മുഖേന തന്നെ നടപ്പാക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക മാത്രമായി അനുമതി നൽകുന്നു.

(നടപടി : – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

**(യോഗം 3.00 മണിക്ക് അവസാനിച്ചു)**